2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യാജമദ്യ ലഭ്യതയും എക്സൈസ് നികുതി വെട്ടിപ്പും

3 (*153) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ)) :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും നികുതി ഒടുക്കാതെ സെക്കന്റ്സ് മദ്യം കടത്തിക്കൊണ്ടുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിരിറ്റ് കടത്തും സെക്കന്റ്സ് കടത്തും വ്യാപകമായതോടെ വ്യാജമദ്യ ലഭ്യതയും എക്സൈസ് നികുതി വെട്ടിപ്പും വൻതോതിൽ നടക്കുന്നതായറിയാമോ ;

(സി) കള്ളക്കടത്ത് നടത്തുന്ന മദ്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ പിടിക്കൂടുന്നുള്ളൂ എന്ന വസ്തുത പരിഗണിച്ചിട്ടുണ്ടോ; ചെറുകിട ബാറുകൾക്ക് വിദേശമദ്യവില്പനക്കുള്ള ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനത്തിനുശേഷം, എക്സൈസ് അധികൃതർക്കു പിടിക്കൂടാൻ കഴിഞ്ഞ സ്പിരിറ്റ്, സെക്കന്റ്സ് മദ്യം, വ്യാജമദ്യം, വാറ്റ് ചാരായം, വ്യാജ കള്ള്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാണോ ; വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത വിഷയം മൂലമുണ്ടായ നികുതി നഷ്ടം വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രഭരണപ്രദേശമായ മാഹി, അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽമാത്രം വില്പപ്പെടുവാനുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേയ്ക്ക് കടത്തി ക്കൊണ്ടുവരുന്നത് കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

(ബി) വ്യാജമദ്യ ലഭ്യതയും എക്സൈസ് നികുതി വെട്ടിപ്പും വൻതോതിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യാജമദ്യ വില്പന തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2014 വർഷത്തിൽ എക്സൈസ് വകപ്പ് ആകെ 14,638 അബ്കാരി/ എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടുപിടിക്കുകയും ടി കേസ്സുകളിലായി 14,169 പേരെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 34,433 ലിറ്റർ സ്പിരിറ്റ്, 35,350 ലിറ്റർ ഐ.എം.എഫ്.എൽ., 3016 ലിറ്റർ ചാരായം, 10,551 ലിറ്റർ കള്ള്, 10,384 ലിറ്റർ അരിഷ്ടം, 4263 ലിറ്റർ ബിയർ, 1,19,655 ലിറ്റർ വാഷ്, 809 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 617 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്. 2015 വർഷത്തിൽ ഒക്ടോബർ മാസംവരെ എക്സൈസ് വകപ്പ് 14,132 അബ്കാരി/ എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ടി കേസ്സുകളിലായി 13,626 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 15,391 ലിറ്റർ സ്പിരിറ്റ്, 29098 ലിറ്റർ ഐ.എം.എഫ്.എൽ., 2694 ലിറ്റർ ചാരായം, 8452 ലിറ്റർ കള്ള്, 13,238 ലിറ്റർ അരിഷ്ടം, 1,63,048 ലിറ്റർ വാഷ്, 677.15 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 613 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്. 2015 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതേ കാലയളവിൽ എക്സൈസ് നികുതി വരുമാനത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2014 ഒക്ടോബർ 31 വരെയുള്ള എക്സൈസ് റവന്യൂ വരുമാനം 1019.63 കോടി രൂപയായിരുന്നു. എന്നാൽ 2015 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം ഇതേ കാലയളവിലെ എക്സൈസ് റവന്യൂ വരുമാനം 1121.14 കോടി രൂപയാണ്. മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ എക്സൈസ് നികുതി വരുമാനത്തിൽ 101.51 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കള്ളക്കടത്ത് നടത്തുന്ന മദ്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ പിടിച്ചെടുക്കുന്നുള്ളൂ എന്ന വസ്തുത ശരിയല്ല. ചെറുകിട ബാറുകൾക്ക് വിദേശമദ്യം വില്പനയ്ക്കുള്ള ലൈസൻസ് നല്കേണ്ടതില്ലെന്ന തീരുമാനത്തിനുശേഷം, എക്സൈസ് അധികൃതർക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞ സ്പിരിറ്റ്, സെക്കന്റ്സ് മദ്യം, വ്യാജമദ്യം, വാറ്റ് ചാരായം, വ്യാജക്കള്ള്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2014 വർഷത്തിൽ എക്സൈസ് വകപ്പ് ആകെ 14,638 അബ്കാരി/ എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടുപിടിക്കുകയും ടി കേസ്സുകളിലായി 14,169 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 34,433 ലിറ്റർ സ്പിരിറ്റ്, 35,350 ലിറ്റർ ഐ.എം.എഫ്.എൽ., 3016 ലിറ്റർ ചാരായം, 10,551 ലിറ്റർ കള്ള്, 10,384 ലിറ്റർ അരിഷ്ടം, 4263 ലിറ്റർ ബിയർ, 1,19,655 ലിറ്റർ വാഷ്, 809 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 617 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

2015 വർഷത്തിൽ ഒക്ടോബർ മാസംവരെ എക്സൈസ് വകുപ്പ് 14,132 അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ടി കേസ്സുകളിലായി 13,626 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 15,391 ലിറ്റർ സ്പിരിറ്റ്, 29, 098 ലിറ്റർ ഐ.എം.എഫ്.എൽ., 2694 ലിറ്റർ ചാരായം, 8452 ലിറ്റർ കള്ള്, 13,238 ലിറ്റർ അരിഷ്ടം, 1,63,048 ലിറ്റർ വാഷ്, 677.15 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 613 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ ഡ്യൂട്ടിയും മറ്റ് വരുമാനവുമാണ് നികുതി വരുമാനമായി കണക്കാക്കപ്പെടുന്നത്. അനധികൃതമായി വിൽക്കപ്പെടുന്നമദ്യത്തിൽ ഏറിയപങ്കും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി കണ്ടുപിടിച്ച് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

ഓപ്പറേഷൻ കുബേര

4 (*154) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനില്ക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും ബ്ലേഡ് മാഫിയയെ സഹായിക്കാനുള്ള പരോക്ഷ നടപടികൾ ഉണ്ടായിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ലേഡ് മാഫിയയ്ക്കും,അതിന് ഒത്താശചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെ ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത പണമിടപാട് സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിന് നടപടി ക്രമങ്ങൾമൂലം ഉണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly